18 (*138) കയർ രംഗത്തെ സാങ്കേതികവിദ്യ കൈമാറ്റം

ശ്രീ. എ.കെ. മണി :

ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യൻ കയർ രംഗത്തെ സാങ്കേതികവിദ്യ കൈമാറ്റം ആധുനികവൽക്കരണം മുതലായ പദ്ധതിക്ക് യു.എൻ.ഡി.പി.യുടെ അംഗീകാരം ലഭിച്ചതിന്റെ ഫലമായി സംസ്ഥാനത്തിന് എന്തെല്ലാം പ്രയോജനം ലഭിക്കും എന്ന് വിശദമാക്കുമോ;

(ബി) ഈ പദ്ധതി സംസ്ഥാനത്തെ ഏതെല്ലാം കേന്ദ്രങ്ങളിലാണ് നടപ്പാക്കുന്നത്;

(സി) കയർ വ്യവസായത്തിന്റെ ഈറ്റില്ലമായ കേരളത്തിൽ ഈ പദ്ധതി കൂടുതൽ കേന്ദ്രങ്ങളിലേക്ക് വ്യാപിപ്പിക്കുവാൻ എന്തെല്ലാം നടപടികൾ സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ചു എന്ന് അറിയിക്കുമോ;

(ഡി) ഈ പദ്ധതിയുടെ പ്രയോജനം കേന്ദ്രങ്ങളിൽനിന്ന് മറ്റ് കേന്ദ്രങ്ങളിലേയ്ക്ക് ഇതുപോലുള്ള പരിപാടികൾ വ്യാപിപ്പിക്കുവാൻ സംസ്ഥാന ഗവൺമെന്റ് എന്തെല്ലാം നടപടികളെടുത്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) ഇന്ത്യൻ കയർ വ്യവസായത്തിന്റെ ആധുനികവൽക്കരണം, ടെക്നോളജി ട്രാൻസ്ഫർ, ഉത്പാദനക്ഷമത വർദ്ധിപ്പിക്കൽ എന്നിവ ലക്ഷ്യമാക്കി യു.എൻ.ഡി.പി.യുടെ ധനസഹായത്തോടെ കയർബോർഡ് ഒരു പദ്ധതി നടപ്പാക്കുന്നു. ഉദ്ദേശം 8,46,000/- യു.എസ്. ഡോളറാണ് പദ്ധതിയുടെ മുടക്കുമുതലായി കണക്കാക്കിയിട്ടുള്ളത്. ഈ പദ്ധതിയിലൂടെ കേരളത്തിലെ കയർ വ്യവസായത്തിന് ലഭിക്കുന്ന പ്രയോജനങ്ങളുടെ വിശദാംശങ്ങൾക്ക് കയർ ബോർഡ് രൂപംനൽകി അറിയിച്ചിട്ടില്ല.

(ബി) പദ്ധതി കയർ ബോർഡ് നേരിട്ടാണ് നടപ്പാക്കുന്നത്. കൊല്ലം ആലപ്പുഴ ജില്ലകളിലെ പദ്ധതി നടപ്പാക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുള്ള വിവരം കയർബോർഡ് അറിയിച്ചിട്ടുണ്ട്.

(സി) പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുന്ന മുറയ്ക്ക് കൂടുതൽ കേന്ദ്രങ്ങളിൽ പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) ഇന്ത്യയിൽ കേരളത്തിൽ രണ്ടും തമിഴ്നാട്, ആന്ധ്രാപ്രദേശ്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിൽ ഓരോ കേന്ദ്രവും ഉൾപ്പെടെ 5 കേന്ദ്രങ്ങളാണ് ഈ പദ്ധതി നടപ്പാക്കാൻ തെരഞ്ഞെടുത്തിട്ടുള്ളതെന്ന് കയർബോർഡ് അറിയിച്ചിട്ടുള്ളത്. പദ്ധതിക്ക് ഉദ്ദേശം 8,46,000 യു.എസ്. ഡോളർ മുടക്കുമുതലാണ് പ്രതീക്ഷിക്കുന്നതെന്നും അറിയിച്ചിട്ടുണ്ട്. പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമായാൽ മാത്രമേ കൂടുതൽ കേന്ദ്രങ്ങളിൽ പദ്ധതി നടപ്പാക്കാൻ കഴിയുമോ എന്ന് പരിശോധിക്കാനാകൂ.

19 (*139) വ്യവസായമേഖലയിലുണ്ടായിട്ടുള്ള നേട്ടങ്ങൾ

ശ്രീ. സെബാസ്റ്റ്യൻ പോൾ :

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :

LIBRARY ARCHIVES Kerala Legislative Assembly